## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1382 — 15-06-2012 - ലെ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജിലെ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി.സുധാകരൻ | | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൃഷി, മൃഗസംരക്ഷണ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. |

**കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ.**

1 പാടശേഖരങ്ങളിൽ പൊതു ഉപയോഗത്തിനായി പമ്പുകളും കാർഷിക യന്ത്രങ്ങളും വിതരണം.
2 ഓണാട്ടുകരയിലെ ഒന്നാം നെൽകൃഷിയ്ക്കായുള്ള സഹായം.
3 ഓണാട്ടുകരയിൽ നെല്ല്-എള്ള് ഇടവിട്ട് കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനം.
4 കുട്ടനാട്ടിനും ഓണാട്ടുകരയ്ക്കും വേണ്ട അംഗീകൃത വിത്ത് ഉത്പാദനം.
5 മണ്ണ് പരിശോധനാധിഷ്ഠിതമായ വള പ്രയോഗങ്ങൾ, കുട്ടനാട് മേഖലയിൽ സഞ്ചരിക്കുന്ന പരിശോധനാ ലാബുകൾ സ്ഥാപിക്കൽ.
6 കീടബാധ മുൻകൂട്ടി കാണലും മുൻ കരുതലും.
7 കുട്ടനാട്ടിൽ നെല്ല് സംഭരണ ശാലകൾ സ്ഥാപിക്കൽ.
8 കാർഷിക ജോലികളിൽ യുവാക്കൾക്ക് പരിശീലനം.
9 കുട്ടനാട്ടിൽ അഗ്രിക്ലിനിക്കുകൾ സ്ഥാപിക്കുക.
10 പുറക്കാട് കരിയിൽ ഉൽപാദന ബോണസ്സ് വർദ്ധനവ്.
11 ഉൽപാദന ക്ഷമത കുറഞ്ഞതും രോഗബാധയുള്ളതുമായ തെങ്ങ് വെട്ടിമാറ്റി പുതിയവ വച്ചു പിടിപ്പിക്കുക.

**മൃഗ സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.**

1 പുതിയ പശുക്കളെ വാങ്ങുന്ന പദ്ധതി (ഇൻഡക്ഷൻ ഓഫ് കൗസ്).
2 കന്നുകുട്ടി പരിപാലന പദ്ധതി (കാഫ് ഫീഡ് സബ്സിഡി സ്കീം).
3 കൃത്രിമ ബീജദാന പദ്ധതി (ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ).
4 ഈസ്ട്രസ് സിങ്ക്രൊണൈസേഷൻ.
5 നിരണം താറാവു വളർത്തൽ കേന്ദ്രം വികസിപ്പിക്കുക.
6 താറാവുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ.
7 ആടുവിതരണത്തിനുള്ള യൂണിറ്റുകൾ.

(ബി) ഇതുവരെ ഏതെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കൃഷി വകുപ്പിൻ കീഴിൽ സഞ്ചരിക്കുന്ന മണ്ണ് പരിശോധന ലാബുകൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതി ഒഴികെ മറ്റെല്ലാ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്.

മൃഗ സംരക്ഷണ വകുപ്പിൻ കീഴിൽ ആട് വിതരണ പദ്ധതി ഒഴിച്ചുള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

(സി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിൽ കൃഷി, മൃഗസംരക്ഷണ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ ?

(സി) മേൽ പരാമർശിച്ചിട്ടുള്ള പദ്ധതികളെല്ലാം അമ്പലപ്പുഴ മണ്ഡലത്തിലും ബാധകമാണ്.

സെക്ഷൻ ഓഫീസർ